കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 23 2022





ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


# ശബരിമലയിൽ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളിയായി സുപ്രീം കോടതി ജഡ്ജി ജസ്റ്റീസ് സി.ടി. രവികുമാർ

ശബരിമല: സന്നിധാനത്ത് 'പുണ്യം പൂങ്കാവനം' ശുചീകരണപ്രവർത്തനങ്ങളിൽ സജീവപങ്കാളിയായി സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് സി.ടി. രവികുമാർ. ശബരിമല ദർശനത്തിനെത്തിയ ജസ്റ്റീസ് സി.ടി. രവികുമാർ ഇന്നലെ (ഡിസംബർ23) രാവിലെ ഒൻപതു മണി മുതൽ സന്നിധാനത്തു നടന്ന ശുചീകരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കറുപ്പണിഞ്ഞെത്തിയ ജസ്റ്റീസ് സി.ടി. രവികുമാർ ചാക്കുകളിലും മാലിന്യനിക്ഷേപ ബിന്നുകളിലുമു ായിരുന്ന മാലിന്യങ്ങൾ സ്വയം ചുമന്നു ട്രാക്ടറിലേക്കു മാറ്റി. പുണ്യം പൂങ്കാവനം ഓഫീസിനു സമീപവും, അയ്യപ്പസേവാ സംഘം അന്നദാനമണ്ഡപത്തിനു മുന്നിലും ധനലക്ഷ്മി ബാങ്കിനു സമീപവുമു ായിരുന്ന മാലിന്യങ്ങൾ പൂർണമായും നീക്കുന്നതിന് ജസ്റ്റിസ് സി.ടി. രവികുമാർ നേതൃത്വം നൽകി. ശുചീകരണപ്രവർത്തനങ്ങൾക്കു മുമ്പ് പുണ്യം പൂങ്കാവനം ഓഫീസിലെത്തിയ ജസ്റ്റിസ് സി.ടി. രവികുമാർ സന്ദർശകഡയറിയിൽ പുണ്യം പൂങ്കാവനം പദ്ധതിയെ അനുമോദിച്ച് കുറിപ്പെഴുതി.

വ്യാഴാഴ്ച വൈകിട്ട് സന്നിധാനത്തുനടന്ന ദേവസ്വം ബോർഡ് ജീവനക്കാരുടെ കർപ്പൂരാഴി ഘോഷയാത്രചടങ്ങിലും ജസ്റ്റീസ് സി.ടി. രവികുമാർ സംബന്ധിച്ചിരുന്നു.

ശബരിമല അസിസ്റ്റന്റ് സ്പെഷൽ ഓഫീസർ നിഥിൻ രാജ്, ദ്രുതകർമസേന ഡെപ്യൂട്ടി കമാൻഡന്റ് ജി. വിജയൻ, സന്നിധാനം പോലീസ് അസിസ്റ്റന്റ് കമാൻഡന്റ് സി.പി. അശോകൻ, ഓഫീസർ കമാൻഡന്റുമാരായ എ. ഷാജഹാൻ, ബാലകൃഷ്ണൻ, സി.കെ. കുമാരൻ എന്നിവർ ശുചീകരണപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. പുണ്യം പൂങ്കാവനം പോലീസ് സേനാംഗങ്ങൾ, ദ്രുതകർമസേന(ആർ.എ.എഫ്), ദേശീയദുരന്തപ്രതികരണ സേന(എൻ.ഡി.ആർ.എഫ്.) അംഗങ്ങൾ, അഗ്നി രക്ഷാ സേന, എക്സൈസ്, വനംവകുപ്പ് ജീവനക്കാർ, പുണ്യം പൂങ്കാവനം വോള ിയർമാർ, അഖില ഭാരത അയ്യപ്പ സേവാസംഘം വോള ിയർമാർ, അയ്യപ്പഭക്തർ, ശുചീകരണത്തൊഴിലാളികൾ എന്നിവർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളിയായി.

***ഫോട്ടോക്യാപ്ഷൻ:***

***1 ശബരിമല സന്നിധാനത്ത് പുണ്യം പൂങ്കാവനം ശുചീകരണപ്രവർത്തനങ്ങളിൽ സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് സി.ടി. രവികുമാർ പങ്കാളിയായപ്പോൾ.***

***2 സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് സി.ടി. രവികുമാർ പുണ്യം പൂങ്കാവനം ഓഫീസ് സന്ദർശിച്ചപ്പോൾ.***

(പി.ആർ. ശബരി- 187)

# ഹോട്ടലുകളിലും വ്യാപാരസ്ഥാപനങ്ങളിലും പരിശോധന നടത്തി

ശബരിമല: ജലജന്യരോഗങ്ങൾ പടരുന്നതു തടയുന്നതിനായി പ്രത്യേക സ്ക്വാഡ് സന്നിധാനത്തെ ഹോട്ടലുകളിലും വ്യാപാരശാലകളിലും ദേവസ്വം ബോർഡ് മെസിലും പരിശോധന നടത്തി. ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നിർദേശത്തേത്തുടർന്നാണ് പരിശോധന നടത്തിയത്. ഏപ്രൺ, മാസ്ക്, തൊപ്പി എന്നിവ ധരിക്കാതെ ജോലിചെയ്ത മെസിലെ ജീവനക്കാരോടു ഇവ ധരിക്കണമെന്നു നിർദേശം നൽകി. അടുക്കളയും പരിസര പ്രദേശങ്ങളും വൃത്തിയായി സൂക്ഷിക്കാനും

അഴുക്കുവെള്ളം ഒഴുക്കുന്ന ഓടയുടെ മുകൾ ഭാഗം മൂടാനും നിർദേശം നൽകി. ആരോഗ്യകാർഡ് ഇല്ലാത്ത കരാർ ജീവനക്കാരെ ഒഴിവാക്കാൻ ദേവസ്വം ബോർഡിന് നിർദേശം നൽകി. പിൽഗ്രിം സെന്റർ ര ിനോട് ചേർന്ന് പ്രവർത്തിച്ചുവന്ന മൊബൈൽ ചാർജിങ് കേന്ദ്രത്തിന്റെ ഫിറ്റ്നസ് പരിശോധിക്കാൻ കെ.എസ്.ഇ.ബിയോട് ആവശ്യപ്പെട്ടിട്ടു ്.

(പി.ആർ. ശബരി- 188)

